# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*232.** **17.06.2019 ൽ മറുപടിയ്ക്ക്**

## മെഡിക്കൽ സ്റ്റോറുകൾ വഴി സിന്തറ്റിക് ഡ്രഗ്സിന്റെ വ്യാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. വിൻസെന്റ്**<br>**,, വി.എസ്.ശിവകുമാർ**<br>**,, അനൂപ് ജേക്കബ്**<br>**,, ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകൾ വഴി സിന്തറ്റിക് ഡ്രഗ്സിന്റെ വ്യാപനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നൈട്രാസെപ്ഹം പോലുള്ള ഗുളികകൾ ഉപയോഗിച്ച് ഡ്രഗ്സ് നിർമിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നൈട്രാസെപാം ലഹരിക്കായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ഇത്തരം മരുന്നുകൾ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് അനധികൃതമായി വിൽപന നടത്തുന്നില്ലായെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് നിരന്തരം പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) | തമിഴ് നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മയക്കമരുന്ന് വ്യാപകമായി എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | അയൽ സംസ്ഥാനങ്ങളിൽ നിന്നും മയക്കമരുന്ന് സംസ്ഥാനത്ത് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും, സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിവരുന്നു. പുറമേ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതും |

| | | | |
|---|---|---|---|
| | | | ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്. |
| (സി) | വ്യാജ കുറിപ്പ് ഉപയോഗിച്ച് വിദ്യാർത്ഥികൾ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വിവിധതരം ഗുളികകൾ വാങ്ങി ഡ്രഗ്സായി ഉപയോഗിക്കുന്നതിനെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നടത്തിയിട്ടുണ്ട്. ജീവൻരക്ഷാ മരുന്നുകൾ ലഹരിക്കായി ദുരുപയോഗം ചെയ്യുന്നതിന്റെ ദൂഷ്യവശങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടികളിലൂടെയും സ്കൂൾ/ കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെയും വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. വ്യാജ കുറിപ്പുമായി എത്തുന്ന ആളുകൾക്ക് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ഡ്രഗ്സ് വിതരണം ചെയ്യാതിരിക്കുന്നതിന് ലൈസൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായി വിൽപന തടയുന്നതിന് എക്സൈസ് വകുപ്പ് ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് നിരന്തരം പരിശോധന നടത്തുകയും നിയമ വിരുദ്ധമായ വിൽപ്പന കണ്ടാൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ